(ബി) അത്യാവശ്യത്തിനുള്ള വാഹനങ്ങളും ആയുധങ്ങളും നൽകുന്നുണ്ട്.

(സി) അക്കാര്യത്തിൽ ആവശ്യമായ നയം ഇപ്പോൾതന്നെയുണ്ട്.

51 (1014) കയ്യേറ്റഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റാൻ നടപടി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര പ്രദേശത്തെ കൈവശ കൃഷിക്കാരുടെ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനെപ്പറ്റി ഈ സർക്കാർ വന്നശേഷം എത്ര തവണ മന്ത്രിതല ചർച്ചകൾ നടത്തി;

(ബി) വീണ്ടും ചർച്ച നടത്തി പ്രസ്തുത പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു തവണ മന്ത്രിതല ചർച്ച നടത്തി.

(ബി) ആവശ്യമുണ്ടെന്നു തോന്നിയാൽ സർക്കാർ വീണ്ടും ചർച്ച നടത്തുന്നതാണ്.

52 (1016) കോഴിക്കോട് ജില്ലയിലെ വനവൽക്കരണ പരിപാടി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സാമൂഹ്യ വനവൽക്കരണ പരിപാടി കഴിഞ്ഞവർഷം ഏതെല്ലാം പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ വർഷം എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഈ ജില്ലയിൽ നടപ്പുവർഷം ഏതെല്ലാം പഞ്ചായത്തുകളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ, കുരാച്ചുണ്ട്, കൂടരഞ്ഞി, കാവിലുംപാറ, തിരുവമ്പാടി, കോഴഞ്ചേരി, നരിപ്പറ്റ എന്നീ ഏഴു പഞ്ചായത്തുകളിൽ ആണ് കഴിഞ്ഞവർഷം സാമൂഹ്യ വനവൽക്കരണ പരിപാടി നടപ്പിലാക്കിയത്.

(ബി) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ വർഷം (1998-99) ഓരോ പഞ്ചായത്തിന് ഒരു ലക്ഷം രൂപ വീതം ഏഴുലക്ഷം രൂപ അനുവദിച്ചു.

(സി) കഴിഞ്ഞവർഷം ആരംഭിച്ച പദ്ധതികൾ പ്രസ്തുത പഞ്ചായത്തുകളിൽ നടപ്പുവർഷം തുടരുന്നുണ്ട്. ഈ വർഷത്തെ പരിപാടികളുടെ പദ്ധതി ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകളെ നിശ്ചയിച്ചുകഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly